**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5417 01.07.2019-ലെ മറുപടിയ്ക്ക്

## പ്രാദേശിക സ്പോർട്സ് ക്ലബുകൾക്ക് പരിപോഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും<br>യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഗ്രാമീണ മേഖലയിലെ കായിക മികവ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; അതിലെ ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) | ഗ്രാമീണ മേഖലയിൽ കായിക മികവ് വർദ്ധിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ, എന്നിവയിലൂടെ ഗ്രാമീണ മേഖലയിലുള്ള തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ, എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലൂടെ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന കായിക വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകി വരുന്നു.<br>നഗര/ഗ്രാമീണ മേഖലകളിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>**പ്ലേ ഫോർ ഹെൽത്ത്**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പ |
| (ബി) | സ്കൂൾ വിദ്യാർത്ഥികളായ കായിക താരങ്ങൾക്ക് പരിശീലനം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കായിക വകുപ്പിനു കീഴിൽ സ്വീകരിച്ചു വരുന്നത്; വിശദാംശങ്ങൾ നൽകാമോ; | | |

| | | | |
|---|---|---|---|
| | | | വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.<br>**ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**<br>നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**സ്പ്ലാഷ്**<br>10 വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തലിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. പരിശീലന സമയത്ത് പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകി അവരെ ഉയർന്ന നിലവാരത്തിലുള്ള നീന്തൽ താരങ്ങളാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്.<br>**എയ്സ്**<br>ടെന്നീസ് കളിയിൽ തൽപ്പരരായ കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന പരിശീലന പരിപാടിയാണ് ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE).<br>ഇതു കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട 11 കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള കായിക താരങ്ങളെ അന്തർദേശീയ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ച പ്രത്യേക പരിശീലന പദ്ധതിയായ "ഓപ്പറേഷൻ ഒളിമ്പ്യ" നടപ്പാക്കി വരുന്നു. |
| (സി) | പ്രാദേശികമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബുകൾക്ക് പരിപോഷണം നൽകുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സ്കൂളുകൾ, ക്ലബുകൾ മുതലായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**